## പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 4879** **01.07.2013 - ൽ മറുപടിയ്ക്ക്**

## ബീറ്റ് ഫോറസ്റ്റ് ഓഫീസർ മാരുടെ പ്രൊബേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. ഉമ്മൻ ചാണ്ടി<br>(ബഹു. മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | 30.08.2010 - ലെ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മാരുടെ തസ്തികയിലേക്കുള്ള യോഗ്യത പരിഷ്ക്കരിച്ച് സ്പെഷ്യൽ റൂൾ നടപ്പിലാക്കിയ ശേഷം പ്രസ്തുത തസ്തികയിലേക്ക് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ; | (എ) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത തസ്തികയിലേക്ക് സ്പെഷ്യൽ റൂൾ പ്രകാരം നിയമിതരായ ബീറ്റ് ഫോറസ്റ്റ് ഓഫീസർ മാരുടെ പ്രൊബേഷൻ കാലാവധി കഴിഞ്ഞിട്ടും പ്രൊബേഷൻ ഡിക്ലയർ ചെയ്യിട്ടില്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) | 30.08.2010 - ൽ പുറപ്പെടുവിച്ച സ്പെഷ്യൽ റൂൾ പ്രകാരം ബീറ്റ് ഫോറസ്റ്റ് ഓഫീസർ മാരുടെ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് പ്രൊബേഷൻ കാലയളവിൽ വകുപ്പുതല പരീക്ഷകളും ഒരു വർഷം നീണ്ടു നിൽക്കുന്ന ട്രെയിനിംഗും വിജയകരമായി പൂർത്തിയാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സർവ്വീസിൽ പ്രവേശിക്കുന്ന ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് ഒരുമിച്ച് ട്രെയിനിംഗ് നൽകുന്നതിനുള്ള ഭൗതീക സാഹചര്യങ്ങൾ വകുപ്പിലില്ലാത്തതിനാൽ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. ഇതു പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | മേൽ വിഷയം സംബന്ധിച്ച് 11. 04.2013 അഡീഷണൽ ഫോറസ്റ്റ് സെക്രട്ടറിയുടെ ' അടിയന്തിരം ' എന്ന പരിഗണന നൽകി പ്രിൻസിപ്പൽ ഫോറസ്റ്റ് കൺസർവേറ്റർക്ക് (അഡ്മിനിസ്ട്രേഷൻ) നൽകിയ കത്തിന്റെ മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ; ഇത്തരത്തിൽ അടിയന്തിര പ്രാധാന്യമുള്ള കത്തുകൾക്ക് മറുപടി നൽകുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാലതാമസം വരുത്തുന്ന ജീവനക്കാർക്ക് എതിരെ നടപടി സ്വീകരിക്കുമോ? | (സി) | സർക്കാർ കത്തിന്റെ മറുപടി ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ